(സി) ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ലഹരി ഉപയോഗിച്ച് വാഹനമോടിക്കുന്നതുതടയാൻ പോലീസിലെ വിവിധ വിഭാഗങ്ങളെ ഏകോപിപ്പിച്ച് നിരന്തരം പരിശോധനകൾ നടത്തിയും കൺട്രോൾറൂമിന്റെ നിയന്ത്രണത്തിൽ സ്ഥാപിച്ചിട്ടുള്ള ക്യാമറകൾ മുഖേന വാഹനങ്ങൾ ഉൾപ്പെടെ നിരീക്ഷണം നടത്തിയും വാഹന പട്രോളിംഗ് നടത്തിയും ഇത്തരം സംഭവങ്ങൾ തടയുന്നതിനായി ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) ലഹരി ഉപയോഗിച്ച് വാഹനം ഓടിക്കുന്നവരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചും ഡ്രൈവർമാർക്കായി ലഹരി ഉപയോഗിച്ച് വാനം ഓടിക്കുന്നതിനെതിരെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തിയും, സ്റ്റുഡന്റ് പോലീസ് കേഡറ്റ്, ജനമൈത്രി പോലീസ് എന്നിവ മുഖേന ഡ്രൈവർമാരുടെ ഇടയിൽ ലഘുലേഖകൾ വിതരണം ചെയ്തും ലഹരി ഉപയോഗിച്ച് വാഹനം ഓടിക്കുന്ന പ്രവണതകൾ കറച്ചുകൊണ്ടുവരുന്നു.

(ഇ) ഇത്തരം സംഭവങ്ങൾ ഉണ്ടായാൽ ആയത് പോലീസിനെ അറിയിക്കുന്നതിനായി പൊതുജനങ്ങൾക്ക് 100 എന്ന ടോൾ ഫ്രീ നമ്പറും ക്രൈം സ്റ്റോപ്പർ നമ്പരായ 1090 എന്ന ടോൾ ഫ്രീ നമ്പറും എല്ലാ ജില്ലകളിലും സ്ഥാപിച്ചിട്ടുണ്ട്. ആയതിലൂടെ ലഭിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ എത്രയും വേഗം പ്രസ്തുത സ്ഥലത്തെത്തി ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഇത്തരം വിവരങ്ങൾ അറിയിക്കുന്നവരുടെ പേരു വിവരങ്ങൾ വളരെ രഹസ്യമായി സൂക്ഷിക്കുന്നതാണ്.

## ലോക്കപ്പ് മർദ്ദനം

**263 (273)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഒറ്റപ്പാലം, ലെക്കിടി പേരൂർ, മംഗലം ദേശത്ത് താഴത്തേതിൽ നാരായണൻ മകൻ മനോജിനെ 7-11-2015 തീയതിയിൽ ഒറ്റപ്പാലം പോലീസ് സ്റ്റേഷൻ ലോക്കപ്പിൽവച്ച് അതിക്രൂരമായി മർദ്ദിച്ചുപരിക്കേൽപ്പിച്ചു എന്ന പരാതി ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് ; പ്രസ്തുത പരാതിയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; അതിൻമേൽ റിപ്പോർട്ട് ലഭിച്ചുവോ; വിശദാംശം ലഭ്യമാക്കാമോ ;

(ബി) ലോക്കപ്പ് മർദ്ദനങ്ങൾ അവസാനിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം ലഭ്യമാക്കാമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ലോക്കപ്പ് മർദ്ദനങ്ങൾ റിപ്പോർട്ട് ചെയ്യപ്പെട്ടു; വിശദാംശം ലഭ്യമാക്കാമോ ?



LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. 11-11-2015 ബഹുമാനപ്പെട്ട എം.എൽ.എ. സമർപ്പിച്ച പരാതിയിൽ സംസ്ഥാന പോലീസ് മേധാവി/ജില്ലാ പോലീസ് മേധാവി, പാലക്കാട് എന്നിവരുടെ റിപ്പോർട്ട് ആരാഞ്ഞിരുന്നു. ഇക്കാര്യത്തിൽ ജില്ലാ പോലീസ് മേധാവി, പാലക്കാട് ലഭ്യമാക്കിയ റിപ്പോർട്ട് 28-11-2015-ൽ സർക്കാരിൽ ലഭിച്ചിട്ടുണ്ട്. ഈ പരാതിയിലെ ആരോപണ വിധേയനായ സി.പി.ഒ. സന്തോഷ് കുമാറിനെ അന്വേഷണ വിധേയമായി സ്ഥലം മാറ്റിയിട്ടുള്ളതും ടിയാന്റെ പേരിൽ വകുപ്പുതല ശിക്ഷാ നടപടികൾ സ്വീകരിച്ചിട്ടുള്ളതുമാണ്. ഈ സംഭവത്തിൽ ഒറ്റപ്പാലം സർക്കിൾ ഓഫീസിലെ ഗ്രേഡ് എസ്.ഐ. രാജേന്ദ്രകുമാറിന് ടി സംഭവത്തിൽ പങ്കില്ല എന്ന് അന്വേഷണത്തിൽ വെളിവായിട്ടുണ്ടെങ്കിലും ടിയാനേയും പ്രസ്തുത ആരോപണത്തിന്മേൽ ഒറ്റപ്പാലം സർക്കിൾ ഓഫീസിൽനിന്നും സ്ഥലം മാറ്റിയിട്ടുള്ളതാണ്. ടി റിപ്പോർട്ട് സർക്കാരിൽ പരിശോധിച്ചുവരുന്നു.

(ബി) സ്പെഷ്യൽ ബ്രാഞ്ചിന്റെ സഹായത്തോടെ രഹസ്യനിരീക്ഷണം നടത്തിയും പോലീസ് മർദ്ദനം ഉണ്ടാകാൻ പാടില്ല എന്ന് കർശന നിർദ്ദേശം സബ്ബ് ഡിവിഷണൽ ഡി.വൈ.എസ്.പി.മാർക്കും എസ്.എച്ച്.ഒ.മാർക്കും നൽകിയും ആയത് പാലിക്കുന്നുണ്ടോയെന്ന് മേലുദ്യോഗസ്ഥർ നിരന്തരം പരിശോധനാ വിധേയമാക്കണമെന്നും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലോക്കപ്പ് മർദ്ദനം ഉണ്ടായതായി ആരോപിക്കപ്പെട്ട 3 സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. ടി സംഭവങ്ങളിന്മേൽ അന്വേഷണം നടന്നുവരുന്നു.

## കാവിലുംപാറ ഗവ. ഹൈസ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ്

**264 (274)** ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കോഴിക്കോട് ജില്ലയിലെ കാവിലുംപാറ ഗവ. ഹൈസ്കൂളിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റ് അനുവദിക്കുന്നതിന് സ്കൂൾ പി.ടി.എ. സമർപ്പിച്ച അപേക്ഷയിൽമേൽ സ്വീകരിച്ച നടപടി വ്യക്തമാക്കാമോ ?